'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ.വി. ജെയിംസിന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.724/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/03/2019**

---

പരാമർശം:- 1 സ.ഉ.(സാധാ)നം.3198/2009/തസ്വഭവ തീയതി 02.12.2009

2 സ.ഉ.(സാധാ)നം.207/2011/തസ്വഭവ തീയതി 19.01.2011

3 പഞ്ചായത്ത് ഡയറക്ടറുടെ 06.06.2018-ലെ ഡി5-28191/2009നമ്പർ കത്ത്

**ഉത്തരവ്**

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ.വി. ജെയിംസിനെ ഉടമസ്ഥാവകാശ മാറ്റി നൽകിയതിലെ ക്രമക്കേട് മുൻനിർത്തി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വി.സി./08/2009/കെടിഎം നമ്പർ കേസിനെ തുടർന്ന് പരാമർശം (1) പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർശം (2) പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തതായും Criminal MP No.468&469 of 2017 in CC No.65/2012 നമ്പർ കേസിന്റെ 15.03.2017-ലെ ഉത്തരവ് പ്രകാരം ശ്രീ. എൻവി. ജെയിംസിനെ കുറ്റവിമുക്തനാക്കി ബഹു. വിജിലൻസ് കോടതി ഉത്തരവായിട്ടുള്ളതായും ആയതിനാൽ ടിയാന്റെ സസ്പെൻഷൻ കാലാവധി ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (2) ഉത്തരവ് പ്രകാരം സർവീസിൽ തിരിച്ചെടുക്കുകയും, തുടർന്ന് 24.01.2011-ൽ ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്ത ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ.വി. ജെയിംസിനെ CC-65/2012 കേസ്സിന്റെ 15.03.2017-ലെ ഉത്തരവ് പ്രകാരം കുറ്റവിമുക്തനാക്കിയത് 'Honourable Acquittal' ആയി കരുതാവുന്നതാണ്. ഈ സാഹചര്യത്തിൽ ശ്രീ. എൻ.വി. ജെയിംസിന്റെ 02.12.2009 മുതൽ 18.01.2011 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയ ഉപജീവനബത്ത കഴിച്ചുള്ള ശമ്പളവും ബത്തയും

**File No.LSGD-EPB2/155/2018-LSGD**

ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 19.01.2011 മുതൽ 23.01.2011 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 56ബി (9)-ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എൻ.വി. ജെയിംസ്, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ് (യു.ഒ. റിമാർക്സ് നം. ഡെവ.4/121/2018/ധന. തീയതി 21.02.2019 പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/155/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ